"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - ഭൂജല വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഡിപ്ലോമ / ഐ.റ്റി.ഐ ക്വാട്ടയിലെ ഒഴിവുകൾ യോഗ്യരായ ഗ്രാജ്വേറ്റ് ക്വാട്ടയിൽ നിന്നും **താത്കാലിക പ്രൊമോഷൻ** അനുവദിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(സാധാ) നം.955/2024/WRD തീയതി,തിരുവനന്തപുരം, 11-12-2024

1. ഭൂജല വകുപ്പ് ഡയറക്ടറുടെ 01/04/2023 തീയതികളിലെ ഡി.ജി.ഡബ്ല്യൂ.ഡി/722/2022-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

ഭൂജല വകുപ്പ് സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയുടെ Degree/Diploma/IT ക്വാട്ടയിലെ അനുപാതം 15:4:1 ആണെന്നും നിലവിൽ 15 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയുള്ളതിനാൽ ആയത് സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതത്തിലേയ്ക്ക് മാറ്റുമ്പോൾ അനുപാതം 11:3:1 ആണ് വരുന്നതെന്നും ആയതിൽ ഡിഗ്രി ഹോൾഡേഴ്സിന്റെ വേക്കൻസിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ DPC കൂടി യഥാസമയം നിയമനം നടത്തി വരുന്നതായും ഭൂജല വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2) എന്നാൽ ഭൂജല വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ സീനിയോരിറ്റി ലിസ്റ്റിൽ ഡിപ്ലോമ ഹോൾഡേഴ്സ് ഉണ്ടെങ്കിലും സ്പെഷ്യൽ റൂൾസ് പ്രകാരം ഡിഗ്രിക്കാരെ സൂപ്പർസീഡ് ചെയ്ത് പ്രൊമോഷൻ നൽകുവാൻ സാധിക്കാത്തതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **ഡിപ്ലോമ ക്വാട്ടയിൽ ഒരു വേക്കൻസിയും** അസിസ്റ്റന്റ് എഞ്ചിനീയർ സീനിയോരിറ്റി ലിസ്റ്റിൽ ഐ.റ്റി.ഐ ഹോൾഡർ ആരുമില്ലാത്തതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **ITI ക്വാട്ടയിൽ ഒരു വേക്കൻസിയും** ഒഴിഞ്ഞുകിടക്കുകയാണെന്നും ആയതിനാൽ കേരള പി.എസ്. സി മുഖേന ഒഴിവ് നികത്തുന്നതിനോ അല്ലെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന വേക്കൻസിയിലേയ്ക്ക് അർഹരായ ഡിഗ്രി ഹോൾഡേഴ്സിന് താത്കാലിക പ്രൊമോഷൻ നൽകാവുന്നതാണോ എന്നതു സംബന്ധിച്ച്

പരാമർശം (1) പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂജല വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഡിപ്ലോമ / ഐ.റ്റി.ഐ ക്വാട്ടയിലെ ഒഴിവുകൾ **താത്കാലിക പ്രൊമോഷനിലൂടെ** നികത്തുന്നത് സംബന്ധിച്ച് താഴെപറയും പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂജല വകുപ്പ് സ്പെഷ്യൽ റൂളിലെ ചട്ടപ്രകാരം **ഡിപ്ലോമ** യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ, സീനിയറായ ഡിഗ്രി യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ മറികടക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും സീനിയറായ ഡിഗ്രി യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊമോഷന് കാത്തിരിക്കുന്ന പക്ഷം ഡിപ്ലോമ യോഗ്യതയുള്ളവരെ ടി തസ്തികയിലേക്ക് പ്രമോട്ട് ചെയ്യാൻ കഴിയില്ല. ഇക്കാരണത്താൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ഡിപ്ലോമ ക്വാട്ടയിൽ ഒഴിവ് നിലവിലുള്ളതിനാലും ഡിപ്ലോമ ക്വാട്ടയിൽ യോഗ്യരായ ഉദ്യോഗസ്ഥരുള്ളതിനാലും, വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന 'നേരിട്ടുള്ള നിയമന രീതി' അവലംബിക്കാനും കഴിയില്ല. അതിനാൽ ഡിപ്ലോമ ക്വാട്ടയിലെ ഒഴിവ് നികത്തുന്നതിന്, ആവശ്യമെങ്കിൽ യോഗ്യരായ ഗ്രാജ്വേറ്റ് ക്വാട്ടയിലുള്ളവർക്ക് താൽകാലികമായി സ്ഥാനക്കയറ്റം നൽകാവുന്നതും, പിന്നീട് ഗ്രാജ്വേറ്റ് ക്വാട്ടയിൽ ഉണ്ടാകുന്ന അർഹമായ ഒഴിവ് നിലവിൽ വരുന്ന തീയതി മുതൽ പ്രസ്തുത താൽക്കാലിക പ്രൊമോഷൻ ക്രമപ്പെടുത്താവുന്നതുമാണ്.

ii ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് **ഐ.റ്റി.ഐ** ക്വാട്ടയിൽ യോഗ്യരായവരില്ലാത്തതിനാൽ, വിശേഷാൽ ചട്ടപ്രകാരം യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് നേരിട്ടുള്ള നിയമനത്തിനായി PSC-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. PSC നിയമനം നേടുന്ന ഉദ്യോഗസ്ഥൻ വരുന്നത് വരെ ടി തസ്തിക ഒഴിച്ചിടുന്നത് ഭരണപരമായ പ്രതിസന്ധി ഉണ്ടാക്കുമെങ്കിൽ, ഒരു **Stop-Gap arrangement** എന്ന നിലയ്ക്ക് ടി ഒഴിവിലേക്ക് PSC recruits വരുന്ന മുറയ്ക്ക് റിവർട്ട് ചെയ്യുമെന്ന വ്യവസ്ഥയിൽ, യോഗ്യരായ ഗ്രാജ്വേറ്റ് ക്വാട്ടയിലെ ഉദ്യോഗസ്ഥരിൽ നിന്നും താൽക്കാലിക പ്രമോഷൻ നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. എന്നാൽ അപ്രകാരം പരിഗണിക്കുമ്പോൾ ഒരു ഗ്രാജ്വേറ്റ് എൻജിനീയറെക്കാൾ സീനിയറായ ഒരു ഡിപ്ലോമ ഹോൾഡറുള്ള പക്ഷം പ്രസ്തുത താൽക്കാലിക പ്രൊമോഷന് ഡിപ്ലോമ ഹോൾഡറെയും പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UMADEVI K B
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-B2/191/2024-P&AR (Advice B) Department)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Julie K S
സെക്ഷൻ ഓഫീസർ
Date: 11-12-2024 16:48:24